ശ്രീ. സി.എം. സുന്ദരം: ഇക്കൊല്ലം തന്നെ തെരഞ്ഞെടുപ്പ് നടത്താനുള്ള നടപടികളെല്ലാം തുടർന്നുപോകുന്നുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: മാസംതോറും പഞ്ചായത്ത് യോഗം കൂടാൻ പോലും പറ്റാത്തവിധത്തിൽ 27-ഉം അതിലേറെയും പഞ്ചായത്തുകളുടെ ഭരണം താലൂക്ക് പഞ്ചായത്ത് ആഫീസർമാരാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഉടനെ നടക്കാത്ത സാഹചര്യത്തിൽ ഇതിന് പുതിയ സംവിധാനം ഉണ്ടാക്കാനുള്ള നടപടിയെടുക്കാമോ?

ശ്രീ. സി.എം. സുന്ദരം: അങ്ങനെ ആവശ്യമുണ്ടെന്നു തോന്നുന്നെങ്കിൽ അങ്ങനെ ചെയ്യും.

ശ്രീ. സി.കെ. തങ്കപ്പൻ: സർ, ഈ മന്ത്രിസഭയുടെ കാലാവധി ഇനി കഷ്ടിച്ച് രണ്ടു വർഷംകൂടിയാണ്. ഈ കാലാവധിക്കുള്ളിൽ എപ്പോഴെങ്കിലും പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടികളും എടുക്കുമോ?

ശ്രീ. സി.എം. സുന്ദരം: അതിനുള്ള നടപടികളും എല്ലാം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ തെരഞ്ഞെടുപ്പ് നടത്താനുള്ള നടപടികളും സ്വീകരിക്കും.

ശ്രീ. സി. കെ. തങ്കപ്പൻ: ഇപ്പോൾ നമ്മുടെ കേരളത്തിൽ ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും ഭരണച്ചുമതല വഹിക്കുന്നത് താലൂക്ക് ആഫീസർമാരും അതുപോലുള്ള ഇൻസ്പെക്ടർമാരും മേലധികാരികളുമാണ്. പഞ്ചായത്ത് റോഡുംപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ കരാറുമായി ബന്ധപ്പെട്ടുകൊണ്ട് വൻപിച്ച അഴിമതി നടക്കുന്നുണ്ട്. ഇതിനെപ്പറ്റി ഗവൺമെൻറിന് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ നടപടി സ്വീകരിച്ചോ? ഇപ്പോൾത്തന്നെ പരാതി തന്നാൽ നടപടിയെടുക്കാൻ തയ്യാറുണ്ടോ?

ശ്രീ. സി.എം. സുന്ദരം: ഇപ്പോൾത്തന്നെ പരാതി തന്നാൽ അന്വേഷണം നടത്താം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിനെ സംബന്ധിച്ച് പഞ്ചായത്ത് വകുപ്പു മന്ത്രിയും മുഖ്യമന്ത്രിയുമായിട്ട് ഒരു കൂടിയാലോചന നടത്തുന്നുണ്ടോ; അത് നടത്താൻ തീരുമാനമുണ്ടാകുമെന്ന് വ്യക്തമായ ഒരു മറുപടി പറയാൻ കഴിയുമോ?

ശ്രീ. സി.എം. സുന്ദരം: അതിന്റെ ആവശ്യം വന്നിട്ടില്ല.

പഞ്ചായത്ത് പുനർവിഭജനം

* 56 [97] ശ്രീ. തോപ്പിൽ രവി:
,, കെ.സി. ജോസഫ്:
,, ബന്നി ബഹനാൻ:
,, രാഘവൻ പൊഴക്കടവിൽ:
,, കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിനു മുമ്പായി ജനസംഖ്യയുടേയും വിസ്തീർണ്ണത്തിന്റേയും അടിസ്ഥാനത്തിൽ പഞ്ചായത്തുകളും പുനർവിഭജനം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളാണ് വിഭജിക്കാൻ ഉദ്ദേശിക്കുന്നത്?

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം): (എ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ.സി. ജോസഫ്: ജനസംഖ്യാടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ അതിർത്തിയും ജനസംഖ്യയും വളരെ വിപുലമായതുകൊണ്ട് ഇന്ന് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതുകൊണ്ട് അത് പുനർവിഭജനം നടത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി.എം. സുന്ദരം: ഇപ്പോഴും പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തുകളും പുനർവിഭജനം ചെയ്യണമെന്നുകൂടി വന്നാൽ ഒന്നുംതന്നെ നടക്കുകയില്ല. അതുകൊണ്ട് പുനർവിഭജനം നടത്തുന്നതിന് ഇപ്പോഴും ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ.സി. ജോസഫ്: പഞ്ചായത്തുകളും പുനർനിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം നേരത്തെ ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടായിരുന്നോ? അത് ഉപേക്ഷിക്കാൻ കാരണം എന്താണ്?

ശ്രീ. സി.എം. സുന്ദരം: അങ്ങനെയൊരു നിർദ്ദേശം നേരത്തെ പരിഗണനയിലുണ്ടായിരുന്നു. ആ കാലഘട്ടത്തിൽ സാമ്പത്തിക വിഷമങ്ങളും മറ്റ് പല വിഷമങ്ങളും ഉള്ളതുകൊണ്ട് ഇപ്പോഴും നിറുത്തിവച്ചിരിക്കുകയാണ്.

ശ്രീ. ബന്നി ബഹനാൻ: പഞ്ചായത്തുകളും പുനർവിഭജനം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എത്ര പഞ്ചായത്തുകളും പുനർവിഭജനം നടത്തണമെന്ന നിർദ്ദേശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്? ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര പഞ്ചായത്തുകളും പുനർവിഭജനം നടത്താൻ തീരുമാനമെടുത്തു? തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.എം. സുന്ദരം: സുമാർ എണ്ണൂറോളം പഞ്ചായത്തുകളും പുനർനിർണ്ണയം ചെയ്യണമെന്ന പ്രൊപ്പോസലുണ്ടായിരുന്നു. അതിൽ മുപ്പത്തിയെട്ടെണ്ണം സാംഗ്ഷൻ ചെയ്യാൻ വന്നിട്ടുണ്ടായിരുന്നു. അത് പരിഗണനയിലുള്ള സമയത്താണ് നയപരമായി തൽക്കാലം എടുക്കേണ്ട ആവശ്യമില്ലെന്ന് വച്ചത്.

ശ്രീ. കെ. മുഹമ്മദാലി: പഞ്ചായത്തുകളും പുനർവിഭജനം നടത്തുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് പറയുകയുണ്ടായി. വലിയ പഞ്ചായത്തുകളുടെ ഭരണം നടത്തിക്കൊണ്ടുപോകാൻ പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

സമിതികൾ ഇല്ലാത്തതുകൊണ്ട് ഇപ്പോൾ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വളരെയേറെ തിരക്കുള്ളതുമൂലം താഴെയുള്ള ഉദ്യോഗസ്ഥൻമാർക്ക് അധികാരം ഡെലിഗേറ്റ് ചെയ്തുകൊടുക്കാനും ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാനും നടപടി സ്വീകരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: ഇപ്പോൾ ഭരണപരമായി യാതൊരു വിഷമവുമില്ല. കാര്യക്ഷമമായി നടക്കുന്നതുകൊണ്ട് ആ നിർദ്ദേശം ഇപ്പോൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. വി.ജെ. തങ്കപ്പൻ: കാര്യക്ഷമമായി പഞ്ചായത്തുകളുടെ ഭരണം നടക്കുന്നുവെന്നുള്ള മന്ത്രിയുടെ അഭിപ്രായം കണക്കിലെടുത്ത് പഞ്ചായത്ത് കമ്മിറ്റികളും കോർപ്പറേഷൻ മുനിസിപ്പാലിറ്റി കമ്മിറ്റികളും വേണ്ടെന്ന അഭിപ്രായം മന്ത്രിക്കും മന്ത്രിസഭയ്ക്കുമുണ്ടോ?

ശ്രീ. സി.എം. സുന്ദരം: ഇപ്പോൾ ഉണ്ട്.

ശ്രീ. ഇ. പത്മനാഭൻ: സെപ്റ്റംബർ 30-ാം തീയതി എല്ലാനും പഞ്ചായത്ത് സമിതികളുടെ കാലാവധി അവസാനിക്കുന്നു. അതിന്റെ കാലാവധി നീട്ടിക്കൊടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ? പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ എന്താണ് ഉദ്ദേശമെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.എം. സുന്ദരം: സാഹചര്യമനുസരിച്ച് എന്ത് ചെയ്യണമോ അത് ചെയ്യും.

ശ്രീ. പി. സി. തോമസ് (തിരുവല്ല:) പഞ്ചായത്ത് തിരഞ്ഞെടുപ്പ് നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. തിരുവല്ലയിൽ ഒരു പട്ടണത്തിൽ രണ്ട് ലോക്കൽ ബോഡിയാണ് ഉള്ളത് —തിരുവല്ല മുനിസിപ്പാലിറ്റിയും കുറ്റിപ്പുഴ പഞ്ചായത്തും. തിരുവല്ലാപട്ടണത്തെ രണ്ടായിട്ട് ഭാഗിക്കുമ്പോൾ അംഗസംഖ്യ നോക്കിയാലും വിസ്തീർണ്ണം നോക്കിയാലും മുനിസിപ്പാലിറ്റിയെക്കാളും വികസിച്ചിരിക്കുന്ന പ്രദേശമാണ്. അതുകൊണ്ട് സാമ്പത്തിക ബാദ്ധ്യതയില്ലാതെ കുറ്റിപ്പുഴ പഞ്ചായത്ത് മുനിസിപ്പാലിറ്റിയോട് ചേർക്കുന്നതിനുള്ള സാധ്യതയുണ്ട്. അത് പരിഗണിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശപ്രകാരം തന്നെ അവിടെ അന്വേഷണം നടത്തിയിട്ട് അതുപ്രകാരം മുനിസിപ്പാലിറ്റിയിൽ പഞ്ചായത്തിനെ യോജിപ്പിക്കാൻ വേണ്ട നടപടി സജീവമായി നീങ്ങിക്കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. കെ.ഇ. ഇസ്മയിൽ: പഞ്ചായത്തുകളുടെ പുനർവിഭജനം ഇരുന്നൂറ് പഞ്ചായത്തുകളിൽ ആവശ്യമുണ്ടെന്നും എന്നാൽ തൽക്കാലം അത് വേണ്ടെന്ന നിലയിൽ ഗവൺമെൻറ് നയപരമായ തീരുമാനമെടുത്തുവെന്നും പറയുകയുണ്ടായി. പുനർവിഭജനം നടത്തണമെന്ന തീരുമാനിക്കുകയും അതിനാവശ്യമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുകയും അതിന്റെ പ്രവർത്തനം ഒരു പരിധിവരെ നടപ്പാക്കുകയും ചെയ്ത എരുമയൂർ പുതുശ്ശേരി പഞ്ചായത്ത് രണ്ടു പഞ്ചായത്താക്കി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടിവരെ ഉണ്ടായ സ്ഥിതിക്ക് അതിന്റെ പുനർവിഭജനം നടത്താൻ ആവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: ബഹുമാനപ്പെട്ട മെമ്പർ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഇത്രയുമധികം ഒച്ചപ്പാട് ഉണ്ടാക്കുന്ന സാഹചര്യത്തിൽ പുനർനിർണ്ണയം നടത്തണമെന്ന് പറഞ്ഞാൽ തിരഞ്ഞെടുപ്പ് എങ്ങനെയാണ് നടത്തുന്നത്?

ശ്രീ. വി.ജെ. തങ്കപ്പൻ: ഏകദേശം മുപ്പതിൽപ്പരം പഞ്ചായത്തുകളും പുനർവിഭജനം നടത്തുന്നതിനെ സംബന്ധിച്ച അന്തിമതീരുമാനമെടുക്കാനാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്ത് ഫയൽ എത്തിയിട്ടുള്ളതെന്ന് പറഞ്ഞു. പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് രണ്ടാക്കാൻ ഗവൺമെന്റ് ഉത്തരവിട്ടു. വളരെ വിസ്തൃതമായ പഞ്ചായത്തിനെ, ഒരു വിധത്തിലും ഒരു കമ്മിറ്റിയെ കൊണ്ട് ഭരിക്കാൻ സാധിക്കാത്ത പഞ്ചായത്തിനെ പുനർവിഭജനം നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ പുനർവിഭജനത്തെപ്പറ്റി ചിന്തിക്കാൻ പറ്റുകയില്ല. പുനർവിഭജനം വേണമെന്ന് തീരുമാനിച്ചാൽ തിരഞ്ഞെടുപ്പ് വേണ്ടെന്ന് തീരുമാനിക്കേണ്ടിവരും.

(ചോദ്യം 98 ചോദിച്ചില്ല)

പഞ്ചായത്തുകൾക്ക് വി.ആർ.എം. ഗ്രാന്റ്

* 57 [99] ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ:
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. വി.ജെ. തങ്കപ്പൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് വി.ആർ.എം. ഗ്രാന്റ് നൽകുന്നത് എന്തു നിരക്കിലാണ്;

(ബി) ഏതെല്ലാം ഇനങ്ങൾക്കാണ് പ്രസ്തുത ഗ്രാന്റ് നൽകുന്നത്;

(സി) ഈ ഇനത്തിൽ പ്രതിവർഷം എത്ര രൂപയുടെ ഗ്രാന്റ് നൽകുന്നുണ്ട്;

(ഡി) 1983-84, 1984-85, 1985-86 വർഷങ്ങളിൽ ഈ ഇനത്തിൽ എത്രകോടി രൂപയുടെ ഗ്രാന്റ് നൽകിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly